പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *214 — 27.01.2014 -ലെ മറുപടിക്ക്

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. സി. കൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 14/09/12 ന് തൊഴിൽ വകുപ്പിൽ നിന്നും പുറത്തിറക്കിയ സ.ഉ (എം.എസ്) നമ്പർ 115/12/തൊഴിൽ ഉത്തരവു പ്രകാരം പരിശോധന വിഭാഗം രൂപീകരിച്ച് തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളിൽ വർഷത്തിൽ 2 തവണ പരിശോധന നടത്തി വരുന്നു. കൂടാതെ മിക്ക ക്ഷേമനിധി ബോർഡുകളിലെയും വരവ് ചിലവ് കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എന്നിവയ്ക്ക് വിധേയമാക്കാറുള്ളതും ബോർഡുകളുടെ ഭരണ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചു വരുന്നതുമാണ്. |
| (ബി) ക്ഷേമനിധി ബോർഡുകൾ ആനുകൂല്യങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) ഉണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. സാമ്പത്തികമായി സ്വയം പര്യാപ്തമായ ബോർഡുകളെല്ലാം തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നല്കുന്നുണ്ട്. എന്നാൽ സാമ്പത്തികമായി സ്വയം പര്യാപ്തമല്ലാത്തതിനാലാണ് മറ്റ് ബോർഡുകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത്. |
| (സി) സർക്കാർ ബോർഡുകൾക്ക് നല്കേണ്ട തുക യഥാസമയം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | (സി) ധനലഭ്യത അനുസരിച്ച് നല്കി വരുന്നു. വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

Deepa

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ക്ഷേമനിധി ബോർഡിന്റെ പേര് | ക്ഷേമപദ്ധതികൾ ഓരോന്നും ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക |
|---|---|
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | മരണാനന്തര സഹായം - 30,62,000<br>അതിവർഷാനുകൂല്യം - 1673871500<br>വിവാഹ ധനസഹായം - 122740000<br>പ്രസവാനുകൂല്യം - 2217000<br>ചികിത്സാധനസഹായം - 892000 |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | മരണാനന്തര ധനസഹായം 50000/- രൂപയും, ചികിത്സാ ധനസഹായം 25,000/- രൂപയും കൊടുത്തു തീർക്കുവാനുണ്ട്. |
| കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി | ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയിൽ 1,90,000/- കുടിശ്ശിക നൽകാനുണ്ട്. |
| കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി | 1172 പെൻഷൻകാർക്ക് 07/13 മുതലുള്ള പെൻഷൻ വിതരണം ചെയ്യാനുണ്ട്. |
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | മരണാനന്തര ധനസഹായം 155 എണ്ണം - 15,50,000/-<br>വിവാഹ ധനസഹായം 1906 എണ്ണം - 38,12,000/-<br>പ്രസവ ധനസഹായം 1951 എണ്ണം - 39,02,000/-<br>ചികിത്സാധനസഹായം 132 എണ്ണം - 2,64,000/-<br><br>ആകെ - 95,28,000/- |
| കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ നിധി ബോർഡ് | പെൻഷൻ ഇനത്തിൽ ആകെ 1,83,65,025/- രൂപ കൊടുത്തു തീർക്കുവാനുണ്ട്. |
| കാഷ്യൂ ആശ്വാസ ക്ഷേമനിധി ബോർഡ് | മരണാനന്തര ആനുകൂല്യം - 1,41,000/-<br>ചികിത്സാനുകൂല്യം - 3,70,000/-<br>വിവാഹാനുകൂല്യം - 17000/-<br>പ്രസവാനുകൂല്യം - 78000/- |

കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് ക്ഷേമനിധി പദ്ധതി, കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നീ ബോർഡുകളിൽ ആനുകൂല്യങ്ങൾ കുടിശ്ശികയില്ല.

Deepa
Section Officer

<u>അനുബന്ധം-2</u>

| ക്ഷേമനിധി ബോർഡിന്റെ പേര് | സർക്കാർ ഉടൻ കൊടുത്ത് തീർക്കേണ്ടതായി ബാക്കി നിൽപ്പുള്ള ബാദ്ധ്യതകൾ |
|---|---|
| ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശദായ ഇനത്തിൽ 16,09,200/- രൂപ നൽകുവാനുണ്ട്. |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശദായ ഇനത്തിൽ 2,64,107/- രൂപ നൽകുവാനുണ്ട്. |
| കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശദായ ഇനത്തിൽ 513.8 ലക്ഷം രൂപ നൽകുവാനുണ്ട്. |
| കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗ്രാന്റ് ഇനത്തിൽ 19,86,23,000/- രൂപ നൽകുവാനുണ്ട്. |
| കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2010-11 സാമ്പത്തിക വർഷം വരെ 62,44,636/- രൂപ സർക്കാർ വിഹിത ഇനത്തിൽ നൽകുവാനുണ്ട്. |
| കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി | സർക്കാരിൽ നിന്നും 19,80,000/- രൂപ നൽകുവാനുണ്ട്. |
| കേരള കശുവണ്ടി ആശ്വാസ ക്ഷേമനിധി ബോർഡ് | 8,95,81,500/- രൂപ നൽകുവാനുണ്ട്. |

Deepa
Section Officer